# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1661 — 14.07.2016-ൽ മറുപടിയ്ക്ക്**

## അനധികൃത വയറിംഗ് തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അനധികൃത വയറിംഗ് തടയുന്നതിനും ലൈസൻസുള്ള വയറിംഗ് തൊഴിലാളികളെക്കൊണ്ട് മാത്രം ഈ ജോലി ചെയ്യിക്കുന്നതിനും വൈദ്യുതിബോർഡ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ; | (എ) അനധികൃത വയറിംഗ് തടയുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് വർക്ക് രജിസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. പുതിയ കണക്ഷൻ/ നിലവിലുള്ള വയറിംഗിൽ വ്യതിയാനം വരുത്തൽ, വൈദ്യുതി വിച്ഛേദിച്ചതിനു ശേഷം പുനർകണക്ഷൻ നൽകൽ എന്നീ ജോലികൾക്ക് ലൈസൻസുള്ള വയർമാൻ/ സൂപ്പർവൈസർ/ കോൺട്രാക്ടർ ഹാജരാക്കുന്ന ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മറ്റ് മേൽ നടപടികൾ സ്വീകരിക്കാറുള്ളൂ. |
| (ബി) അനധികൃത വയറിംഗ് ക്രിമിനൽ കുറ്റമായി കണക്കാക്കുന്നതിനും ഈ കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ എന്ത് ശിക്ഷാ നടപടിയാണ് സർക്കാർ സ്വീകരിച്ചു വരുന്നത് എന്ന് വ്യക്തമാക്കാമോ ; ഇതിന് നിയമ പിൻബലമുണ്ടോ; എങ്കിൽ ഇന്ത്യൻ ശിക്ഷാ നിയമം ഏത് വകുപ്പ് പ്രകാരമാണ് ഇവർക്കെതിരെ കേസ്സെടുക്കുന്നത്? | (ബി) അനധികൃത വയറിംഗ് ചെയ്യുന്നവർക്കെതിരെ ക്രിമിനൽ കുറ്റം ചുമത്തി നടപടി സ്വീകരിക്കാൻ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. |

Hemalatha

**സെക്ഷൻ ഓഫീസർ.**